**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ സ്കോളർഷിപ്പുകൾക്കും ഫെലോഷിപ്പുകൾക്കും ഉള്ള വകയിരുത്തലിൽ രണ്ടായിരം കോടിയോളം രൂപയുടെ കുറവുവരുത്തിയത് സാമ്പത്തികമായി ദുർബലരായ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന സമീപനം വിശദമാക്കാമോ; | (എ) | അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലോ/റിസർവേഷനിലോ പ്രവേശനം ലഭിച്ചതും രണ്ടര ലക്ഷം രൂപക്ക് മുകളിൽ വാർഷിക വരുമാനമുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തെ മികച്ച സ്ഥാപനങ്ങളിലും ഉന്നത പഠനം നടത്തുന്ന എല്ലാ പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കും സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; | (ബി) | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ, മെറിറ്റോ, റിസർവേഷനോ പാലിച്ചിട്ടുള്ള സ്പോട്ട് അഡ്മിഷൻ എന്നിവ വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ ടൈംസ് വേൾഡ് റാങ്കിങ്ങിൽ 1 മുതൽ 500 വരെ റാങ്കുള്ള വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിക്ക് തത്തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ/ തത്തുല്യം, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാം എന്നിവക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. |
| (സി) | ഐ.ഐ.ടി. പോലുള്ള ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് ഫ്രീഷിപ്പ് കാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫ്രീ ഷിപ്പ് കാർഡ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ